ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 190/2004 യു./എസ്. 143, 147, 148, 149, 341, 323, 427, 307 ആന്റ് 120 (ബി) ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്. ഐ. ആറിൽ പേര് പറഞ്ഞിട്ടുള്ള ഒന്ന് മുതൽ 13 വരെ പ്രതികളുടെ പേരിലും മറ്റ് കണ്ടാലറിയാവുന്ന നൂറ്റി അൻപതോളം പേരെയുമാണ് ടി കേസിൽ പ്രതികളായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും.

(ഇ) ടി കേസിലെ 8-ാം പ്രതി ശ്രീ. വണ്ടന്നൂർ സന്തോഷ് എന്നു വിളിക്കുന്ന സന്തോഷ്കുമാർ മുഖ്യമന്ത്രി ഉദ്ഘാടകനായ ഒരു ചടങ്ങിൽ മുൻനിരയിൽ സ്ഥാനം പിടിച്ചിരുന്നതായും എന്നാൽ ടിയാന്റെ അപ്പോഴത്തെ, അവിടത്തെ സാന്നിദ്ധ്യത്തെപ്പറ്റി യാതൊരു തരത്തിലുള്ള അറിവും തൽസമയം ലഭിച്ചിട്ടില്ലാത്തതും ടിയാൻ മുഖ്യമന്ത്രിയോടൊപ്പം ഉദ്ഘാടന ചടങ്ങിന് ഉണ്ടായിരുന്നു എന്നും മറ്റും വാർത്താമാധ്യമങ്ങളിലൂടെ പിന്നീടാണ് അറിയാൻ ഇടയായിട്ടുള്ളത്. ആയതു കാരണം ടിയാനെ തൽസമയം അറസ്റ്റ് ചെയ്യുന്നതിന് സാധിച്ചിട്ടില്ലാത്തതുമാണ്.

എന്നാൽ ടി കേസിലെ 8-ാം പ്രതി വണ്ടന്നൂർ സന്തോഷ് എന്നുവിളിക്കുന്ന സന്തോഷ് കുമാറിനെ 20-12-2004-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടി പ്രതിയെ കോടതിയിൽനിന്ന് ജാമ്യം അനുവദിച്ച് വിട്ടയച്ചിട്ടുള്ളതുമാകുന്നു.

ഗുണ്ടാ-മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ നിയമം

110 [66] *ശ്രീ. പി. ജയരാജൻ:*
" *സാജു പോൾ:*
" *കെ. പി. സതീഷ് ചന്ദ്രൻ:*
" *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ-മാഫിയ സംഘങ്ങളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗുണ്ടാ-മാഫിയ സംഘങ്ങളുടെ ആക്രമണത്തിന്റെ ഫലമായി കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര പേർ കൊലചെയ്യപ്പെട്ടു; ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(ഡി) ഗുണ്ടാ-മാഫിയ സംഘങ്ങളുടെ ആക്രമണത്തെ നേരിടാൻ പ്രത്യേക നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗുണ്ട എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ വർദ്ധിച്ചുവരുന്ന സാമൂഹ്യവിരുദ്ധരെയും സംഘടിതവും അല്ലാതെയുമുള്ള കൂലിത്തല്ലുകാരെയും മറ്റും റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും മുൻകരുതൽ അറസ്റ്റ്, നല്ലനടപ്പ് തുടങ്ങി സി ആർ. പി. സി. 107, 110 പ്രകാരം നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ഉണ്ട്. The Kerala Felonious Activities (Prevention) Bill-2005 കൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുതായി കേരളത്തിന് അനുവദിച്ച ബി. എസ്. എഫ്. യൂണിറ്റ്

111 [67] *ശ്രീ. കെ. കെ. ഷാജു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കേരളത്തിന് അനുവദിച്ച ബി. എസ്. എഫ്. യൂണിറ്റ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നൂറനാട് സ്ഥിതി ചെയ്യുന്ന ലെപ്രസി സാനറ്റോറിയത്തിന്റെ അധികമായുള്ള സ്ഥലം വിട്ടുകൊടുത്ത് ബി. എസ്. എഫ്. യൂണിറ്റ് നൂറനാട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്നും സ്ഥലം വിട്ടുകിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് സ്ഥലം ഏറ്റെടുത്ത് ബി. എസ്. എഫ്.-ന് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly